നൂറോളം കോളനി നിവാസികളെ അറസ്റ്റ് ചെയ്തു നീക്കി. തുടർന്ന് ശരീരത്തിൽ മണ്ണെണ്ണ ഒഴിച്ച് തീകൊളുത്താൻ തയ്യാറായി നിന്ന ശ്രീധരൻ അടുത്ത് കൂട്ടിയിട്ടിരുന്ന ഉണങ്ങിയ ഇലകളിൽ തീ കത്തിച്ച് അതിൽ എടുത്തുച്ചാടി. പൊള്ളലേറ്റ ശ്രീധരനെ പോലീസ് മെഡിക്കൽ കോളേജ് ആശുപത്രിയിൽ എത്തിച്ചുവെങ്കിലും 6-2-2000-ത്തിൽ ശ്രീധരൻ മരിച്ചു. ഇതുസംബന്ധിച്ച് ചിങ്ങവനം പോലീസ് സ്റ്റേഷനിൽ ക്രൈം 32/2000-ാം നമ്പർ ആയി ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അക്രമാസക്തരായ കോളനി നിവാസികൾ 8-2-2000-ൽ കുറിച്ചി പഞ്ചായത്ത് ഓഫീസിൽ കടന്നുകയറി ജീവനക്കാരെ ഭീഷണിപ്പെടുത്തുകയും ആഫീസ് ഉപകരണങ്ങൾ നശിപ്പിക്കുകയും ഫയലുകൾ പെട്രോൾ ഒഴിച്ച് തീ വയ്ക്കുകയും ചെയ്തു. ഇതുസംബന്ധിച്ച് ചിങ്ങവനം പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നുണ്ട്. ഇതെല്ലാമാണെങ്കിലും ശ്രീധരന്റെ ആത്മഹൂതിയിൽ ഗവൺമെന്റിന് ശക്തമായ ഖേദമുണ്ട്. ആവശ്യമായ അന്വേഷണം നടത്തി ആ കുടുംബത്തെ സഹായിക്കാൻ ശ്രമിക്കുന്നതാണ്. ഫാക്ടറിയിലേയ്ക്കുള്ള വൈദ്യുതി ലൈൻ മറ്റൊരു വഴിയിലൂടെ മാറ്റി വലിച്ച് പ്രശ്നം പരിഹരിക്കാൻ നടപടി സ്വീകരിച്ചുവരുന്നു. ഇതിനായി ഹൈക്കോടതിയുടെ അന്തിമാനുമതി ലഭിക്കേണ്ടതുണ്ട്.

(3) ഡോ. എം.എ. കുട്ടപ്പൻ എം.എൽ.എ. നെടുമ്പാശ്ശേരി വിമാനത്താവള പരിസരത്ത് നടത്തുന്ന നിരാഹാരസമരം

ശ്രീ. പി. ജെ. ജോയി : സർ, ഈ സഭയിലെ അംഗമായ ഡോ. എം.എ. കുട്ടപ്പൻ നെടുമ്പാശ്ശേരി അന്താരാഷ്ട്ര വിമാനത്താവള പരിസരത്ത് നിരാഹാര സമരം ആരംഭിച്ചിട്ട് ഇന്ന് 5 ദിവസമാകുകയാണ്. ഈ സഭയിലെ ഒരംഗത്തിന്റെ ജീവൻ രക്ഷിക്കണം. അതോടൊപ്പം അദ്ദേഹം ഉന്നയിച്ച ന്യായമായ ആവശ്യങ്ങൾക്ക് തീർപ്പ് ഉണ്ടാക്കണം. ഇതാണ് എനിക്ക് പറയാനുള്ളത്. കഴിഞ്ഞ ഒരു മാസമായി ഈ വിമാനത്താവള കമ്പനിയിൽ ജോലി സംവരണം വേണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സമരം നടക്കുകയാണ്. ആ സമരത്തിന് നേതൃത്വം കൊടുത്ത ഡോ. എം.എ. കുട്ടപ്പൻ തന്നെ 17-ാം തീയതി മുതൽ നിരാഹാരം കിടക്കുമെന്ന് നേരത്തെ പ്രഖ്യാപിച്ചിരുന്നു. നെടുമ്പാശ്ശേരി അന്താരാഷ്ട്ര വിമാനത്താവളത്തെ 51 ശതമാനം ഷെയർ എടുത്ത് ഒരു പൊതുമേഖലാ സ്ഥാപനമാക്കി മാറ്റിയതായി പ്രഖ്യാപനം നടത്തിയത് 1997-ലാണ്. നിയമപരമായി തന്നെ നിയമനങ്ങളിൽ 10 ശതമാനം എസ്.സി/എസ്.ടി. വിഭാഗത്തിനും 40 ശതമാനം മറ്റ് പിന്നോക്ക വിഭാഗത്തിനും അവിടെ സംവരണം നൽകേണ്ടതാണ്. അവിടെ വീടും സ്ഥലവും പോയ ആളുകൾക്ക് ജോലി നൽകുമെന്നു പറഞ്ഞിരുന്നു എങ്കിലും വളരെ ചുരുക്കം പേർക്ക് മാത്രമേ ജോലി കൊടുത്തിട്ടുള്ളു. കണ്ണൂർ മുതൽ പല സ്ഥലങ്ങളിൽ നിന്നും ആളുകളെ നിയമിച്ചിട്ടുണ്ട്. ഞാൻ ആളുകളുടെ പേരൊന്നും പറയുന്നില്ല. പല സ്ഥലങ്ങളിലുള്ള ആളുകൾക്ക് അവിടെ തൊഴിൽ കൊടുത്തിട്ടുണ്ട്. അവിടെ സംവരണം ഉറപ്പു വരുത്താൻ, 51 ശതമാനം ഷെയർ ഉണ്ടെന്ന് മുഖ്യമന്ത്രിതന്നെ നിയമസഭയിൽ അവകാശപ്പെട്ട സാഹചര്യത്തിൽ, 51 ശതമാനം ഷെയർ സർക്കാർ ഉടമയിലുള്ള ഒരു പൊതുമേഖലാ സ്ഥാപനമായി മാറുന്ന സാഹചര്യത്തിൽ, അവിടെ ഈ സംവരണം ഉറപ്പു വരുത്തേണ്ടതല്ലേ ?

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട കുട്ടപ്പൻ എം.എൽ.എ.യുമായി ചർച്ച നടത്തി ഒരു കത്തിന് രൂപം കൊടുത്തു. ആ കത്തിനകത്തു പറഞ്ഞത് ഇനി തുടർന്നുള്ള നിയമനങ്ങളിൽ സംവരണം ഏർപ്പെടുത്താൻ വേണ്ട നടപടി സ്വീകരിക്കുമെന്നാണ്. അവിടെ വീടും സ്ഥലവും പോയ ആളുകൾക്ക് ജോലി കിട്ടിയ കൂട്ടത്തിൽ ചില എസ്.സി./എസ്.ടി വിഭാഗത്തിൽപ്പെട്ടവരുണ്ട്. അത് കണക്കിലെടുക്കാൻ ഒക്കുകയില്ല. അത് കൂടാതെ അവിടെ നടന്ന മുഴുവൻ നിയമനങ്ങളുടേയും കണക്കെടുത്ത് എസ്.സി/എസ്.ടി വിഭാഗത്തിൽപ്പെട്ടവർക്ക് 10 ശതമാനവും മറ്റ് പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്ക് 40 ശതമാനവും സംവരണം ഉറപ്പ് വരുത്തണം. അതിന് മുൻകാലപ്രാബല്യം വേണമെന്നാണ് ഡോ. എം.എ. കുട്ടപ്പൻ ആവശ്യപ്പെടുന്നത്. ഈ 17-ാം തീയതി മുതൽ നിരാഹാരം കിടക്കാതെ, അത് ഒഴിവാക്കാൻ ഡോ. എം.എ. കുട്ടപ്പൻ ശ്രമിച്ചു. സർവ്വശ്രീ. ഉമ്മൻചാണ്ടി, മുഹമ്മദാലി, കെ. ബാബു, ജോണി നെല്ലൂർ എന്നീ എം.എൽ.എ.മാർ ഒക്കെ കൂടി വിമാനത്താവള എം.ഡിയെക്കണ്ട് ചർച്ച നടത്തി. അദ്ദേഹം ചില തീരുമാനങ്ങൾ പറഞ്ഞു. ആ തീരുമാനങ്ങൾ അവർ അംഗീകരിച്ചു. പക്ഷേ, അതുസംബന്ധിച്ച് രേഖാമൂലം മൂന്ന് മണിക്ക് മുമ്പ് ഉറപ്പ് നൽകണമെന്നു പറഞ്ഞു. പക്ഷേ, ഫാക്സ് മെസ്സേജ് അയച്ചിട്ട് തിരുവനന്തപുരത്ത് നിന്നും രേഖാമൂലം മറുപടി കിട്ടിയില്ല. തിരുവനന്തപുരത്ത് അത് ചിലർ തടഞ്ഞു. ആരാണ് തടഞ്ഞതെന്ന് എനിക്കറിയില്ല എന്തായാലും നിരാഹാരം ഒഴിവാക്കാൻ വേണ്ടി ശ്രമിച്ച ഡോ. കുട്ടപ്പൻ നിരാഹാരം കിടന്നു. അദ്ദേഹത്തിന്റെ ജീവൻ അപകടത്തിലാണ്. അദ്ദേഹത്തിന്റെ ജീവൻ രക്ഷിക്കാൻ അങ്ങ് ഇടപെടണം. ദളിതർക്ക് സംവരണം ഉറപ്പ് വരുത്താനുള്ള തീരുമാനം രേഖാമൂലം നൽകി കൊണ്ട് ഡോ. കുട്ടപ്പന്റെ നിരാഹാര സമരം അവസാനിപ്പിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻകൈ എടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സർ, നെടുമ്പാശ്ശേരി അന്താരാഷ്ട്ര വിമാനത്താവളത്തെ സ്വകാര്യമേഖലയിൽ ഉറപ്പിച്ചുനിറുത്തുക എന്ന നയം സ്വീകരിച്ചതിന്റെ ഭാഗമായി അവിടെ നടന്ന നിയമനങ്ങളിൽ സംവരണതത്വം ഇതിനുമുമ്പ് പാലിച്ചിരുന്നില്ല. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനെത്തുടർന്ന് മുൻ സർക്കാർ എടുത്തിരുന്ന നിലപാടിൽ മാറ്റം വരുത്തി ഈ വിമാനത്താവളത്തെ സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനമാക്കി മാറ്റി. 51 ശതമാനം സർക്കാർ ഓഹരി മൂലധനത്തോടെയുള്ള പൊതുമേഖലാ പ്രാമുഖ്യം ഈ വിമാനത്താവളത്തിന് ഉണ്ടാകണമെന്ന് നിശ്ചയിച്ചു. അവിടത്തെ നിയമനങ്ങളിൽ സംവരണതത്വം ഇപ്പോൾ പാലിക്കുന്നതിൽ പ്രതിജ്ഞാബദ്ധമാണ് ഈ സർക്കാർ. ഇതുവരെ നിയമിക്കപ്പെട്ടവരുടെ മൊത്തം എണ്ണം കണക്കാക്കി അർഹമായ പ്രാതിനിധ്യം ഈ സ്ഥാപനത്തിൽ സംവരണവിഭാഗങ്ങൾക്ക് ഉറപ്പുവരുത്തുന്നതാണ്. കഴിഞ്ഞ പ്രാവശ്യം അങ്ങനെ ഉറപ്പുവരുത്തിയിട്ടില്ല. ഇപ്പോൾ നിങ്ങൾക്ക് അത് വേണമെന്ന് തോന്നിയതിൽ നന്ദിയുണ്ട്..... (ബഹളം.....)

മി. സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ സഭയിൽ നല്കിയ ഉറപ്പിന്റെ അടിസ്ഥാനത്തിൽ കാര്യങ്ങൾ ചർച്ച ചെയ്തു തീർക്കണം.

LIBRARY ARCHIVES Kerala Legislative Assembly